# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
## തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 4014/11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : എസ് സതീഷ് ചന്ദ്രകുമാർ, റിട്ട. .സീനിയർ സൂപ്രണ്ട്, 491A, ശ്രീനന്ദനം, നവഗൃഹ ഗാർഡൻസ്, പകലൂർ, പള്ളിച്ചൽ.P.O, തിരുവനന്തപുരം 695020.

എതിർകക്ഷി :

**എച്ച് ആർ എം പി നമ്പർ : 4051/11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : പി ശശിധരൻ നായർ, 491C, നവഗൃഹ ഗാർഡൻസ്, പകലൂർ പള്ളിച്ചൽ, നേമം പി.ഒ, 6950 20.

എതിർകക്ഷി :

**ഉത്തരവ് തീയതി : 16-01-2025.**

1. അയൽക്കാരനായ രഞ്ജിത്ത് എന്ന വ്യക്തി പതിവായി മദ്യപിച്ചുവന്ന് മേൽ രണ്ട് കേസുകളിലെയും ഹർജിക്കാരെയും കുടുംബാംഗങ്ങളെയും ചീത്ത വിളിക്കുന്നുവെന്നും ഭീഷണിപ്പെടുത്തുന്നുവെന്നും മറ്റുമാണ് പരാതി.

2. എതിർകക്ഷി രഞ്ജിത്തിനെ ശക്തമായി താക്കീത് ചെയ്തെന്നും ഇത്തരം പ്രവർത്തികൾ ആവർത്തിച്ചാൽ ടിയാനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് അറിയിച്ചെന്നും കൂടുതൽ നടപടികൾ ആവശ്യമില്ലെന്ന് ആവലാതിക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതി പരിഹരിച്ചിട്ടുള്ളതാണെന്നുമാണ് ഇക്കാര്യത്തിൽ നേമം ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ 11/7/2024 ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മേൽപ്പറഞ്ഞ ഇരു കേസുകളിലെയും ഹർജിക്കാരുടെ ഭാര്യമാർ ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. പോലീസ് താക്കീത് ചെയ്തതിനെ തുടർന്ന് രണ്ടാഴ്ച പ്രശ്നമൊന്നും ഇല്ലായിരുന്നുവെന്നും എന്നാൽ എതിർകക്ഷി വീണ്ടും പ്രശ്നങ്ങൾ തുടങ്ങിയിരിക്കുകയാണെന്നും സ്ത്രീകളെ പേരെടുത്ത് പറഞ്ഞ് ചീത്ത വിളിക്കുകയാണെന്നും അവർ ബോധിപ്പിച്ചു. ഇത് സംബന്ധിച്ച് വ്യക്തമായ പരാതി ഹർജിക്കാർ അസിസ്റ്റൻറ് പോലീസ് കമ്മീഷണർക്ക് കൊടുക്കണം. അപ്രകാരം പരാതി ലഭിച്ചാൽ ACP എല്ലാ ഹർജിക്കാരുടെയും അവരുടെ വീട്ടുകാരുടെയും എതിർകക്ഷിയുടെയും അയൽക്കാരുടെയും മൊഴി രേഖപ്പെടുത്തി അതിന്മേൽ ഒരു പ്രാഥമിക അന്വേഷണം നടത്തണം. പ്രസ്തുത അന്വേഷണത്തിൽ cognizable offences വെളിവാകുകയാണെങ്കിൽ അതനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എസിപി ബന്ധപ്പെട്ട എസ് എച്ച് ഒ ക്ക് നിർദേശം നൽകണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടാകണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരാതിയിലെ നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു. ഇരു കേസുകളിലെയും ഹർജിക്കാർക്കും അസിസ്റ്റൻറ് പോലീസ് കമ്മീഷണർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക

(ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)